പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3116. — 28/01/2014 -ൽ മറുപടിക്ക്

**<u>ചാരിറ്റബിൾ സൊസൈറ്റികളിലെ തെരഞ്ഞെടുപ്പ്</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി. കെ. കെ. ലതിക | | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
| എ) | ചാരിറ്റബിൾ സൊസൈറ്റികളിലെയും ട്രസ്റ്റുകളിലെയും കമ്മിറ്റി മെംബർമാരുടെയും ഭാരവാഹികളുടെയും തെരഞ്ഞെടുപ്പ് യഥാസമയം നടത്തുന്നതിന് തെരഞ്ഞെടുപ്പ് കമ്മീഷനെ നിയമിക്കുന്നതിനു നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ; | എ) | ഇല്ല. ചാരിറ്റബിൾ സൊസൈറ്റികളുടെ രജിസ്ട്രേഷൻ സംബന്ധിച്ച് സംസ്ഥാനത്ത് പ്രാബല്യത്തിലുള്ള, 1860-ലെ സൊസൈറ്റി രജിസ്ട്രേഷൻ ആക്ട് (1860-ലെ 21-ാം ആക്ട്), 1955-ലെ തിരുവിതാംകൂർ-കൊച്ചി സാഹിത്യ, ശാസ്ത്രീയ, ധാർമ്മിക സംഘങ്ങളുടെ രജിസ്ട്രേഷൻ ആക്ട് (1955 - ലെ 12-ാം ആക്ട്) എന്നിവയിൽ അപ്രകാരം വ്യവസ്ഥ ചെയ്തിട്ടില്ല.<br><br>ട്രസ്റ്റുകളുടെ കാര്യത്തിൽ, ബന്ധപ്പെട്ട ട്രസ്റ്റാധാരം, നിലവിലുള്ള രജിസ്ട്രേഷൻ ചട്ടങ്ങൾക്കും നിയമങ്ങൾക്കും വിധേയമായി രജിസ്റ്റർ ചെയ്യുന്നതല്ലാതെ മറ്റു യാതൊരു ഭരണ നിർവ്വഹണപരമായ ചുമതലകളും രജിസ്ട്രേഷൻ വകുപ്പിന് ഇല്ല. |
| ബി) | ഇത്തരം സ്ഥാപനങ്ങളുടെ അംഗീകൃതനിയമാവലിയിൽ തെരഞ്ഞെടുപ്പുസംബന്ധമായ കാര്യങ്ങൾക്കു വ്യവസ്ഥയില്ലെങ്കിൽ പുതിയ ഭരണ സമിതിയെയും ഭാരവാഹികളെയും തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയെന്നു വ്യക്തമാക്കുമോ; | ബി) | ഭാരവാഹികളുടെയും ഭരണ സമിതി അംഗങ്ങളുടെയും പേരുകൾ ഫയൽ ചെയ്യുന്നത് സംബന്ധിച്ച്, 1860-ലെ സൊസൈറ്റി രജിസ്ട്രേഷൻ ആക്ടിലെ 4-ാം വകുപ്പിലും, 1955-ലെ തിരുവിതാംകൂർ-കൊച്ചി സാഹിത്യ, ശാസ്ത്രീയ, ധാർമ്മിക സംഘങ്ങളുടെ രജിസ്ട്രേഷൻ ആക്ട് 4, 7 എന്നീ വകുപ്പുകളിലും വ്യവസ്ഥ ചെയ്തിട്ടുണ്ട്.<br><br>ട്രസ്റ്റുകളുടെ കാര്യത്തിൽ ഉത്തരം (എ)യുടെ അടിസ്ഥാനത്തിൽ ബാധകമല്ല. |

| | |
|---|---|
| സി) പ്രസ്തുത സ്ഥാപനങ്ങൾ രൂപീകരിച്ച വേളയിൽ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിക്കും ഭാരവാഹികൾക്കും തെരഞ്ഞെടുപ്പു സംബന്ധമായ വ്യവസ്ഥ നിയമാവലിയിൽ ഇല്ലെങ്കിൽ എത്രകാലം അധികാരത്തിൽ തുടരാൻ കഴിയുമെന്നു വ്യക്തമാക്കുമോ? | സി) 1860-ലെ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട്, സെക്ഷൻ 4 പ്രകാരം, ഓരോ വർഷത്തിലും ഒരിക്കൽ സംഘത്തിന്റെ ചട്ടങ്ങൾ അനുസരിച്ച് സംഘത്തിന്റെ വാർഷിക പൊതുയോഗം നടത്തുന്ന ദിവസത്തെ തുടർന്ന് പതിനാലാം ദിവസമോ അതിനു മുമ്പോ, അല്ലെങ്കിൽ, വാർഷിക പൊതുയോഗത്തിന് ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്യുന്നില്ലെങ്കിൽ ജനുവരി മാസത്തിലോ, അപ്പോൾ സംഘകാര്യങ്ങളുടെ മാനേജ്മെന്റ് ഭരമേല്പിച്ചിട്ടുള്ള ഗവർണ്ണറുടെയോ, കൗൺസിലിന്റെയോ ഡയറക്ടർമാരുടെയോ മറ്റു ഭരണസമിതിയുടെയോ പേരിന്റെയും മേൽവിലാസത്തിന്റെയും ജീവനത്തിന്റെയും ഒരു ലിസ്റ്റ്, ബന്ധപ്പെട്ട ജില്ലാ രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതാണ്. 1860-ലെ സൊസൈറ്റി രജിസ്ട്രേഷൻ ആക്ട് (1860-ലെ 21-ാം ആക്ട്), 1955-ലെ തിരുവിതാംകൂർ-കൊച്ചി സാഹിത്യ, ശാസ്ത്രീയ, ധാർമ്മിക സംഘങ്ങളുടെ രജിസ്ട്രേഷൻ ആക്ട് (1955-ലെ 12-ാം ആക്ട്) എന്നിവ പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട സംഘങ്ങൾ, അവ രൂപവത്ക്കരിച്ച വേളയിൽ, തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയുടെയും ഭാരവാഹികളുടെയും തെരഞ്ഞെടുപ്പ് സംബന്ധമായ വ്യവസ്ഥ നിയമാവലിയിൽ ഇല്ലെങ്കിൽ എത്രകാലം അധികാരത്തിൽ തുടരാൻ കഴിയുമെന്ന് മേൽപ്പറഞ്ഞ നിയമങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടില്ല.<br><br>ട്രസ്റ്റുകളുടെ കാര്യത്തിൽ, ഉത്തരം (എ)യുടെ അടിസ്ഥാനത്തിൽ ബാധകമല്ല. |

സെക്ഷൻ ഓഫീസർ.